**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1244

15/06/2012 ൽ
മറുപടി നൽകേണ്ടിയിരുന്നത്

# ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബി. സത്യൻ | | ശ്രീ.കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ | പി.എം.ജി.എസ്.വൈ - യിൽ ഉൾപ്പെടുത്തി റോഡ് നിർമ്മാണം നടത്തുവാൻ റോഡുകൾ തെരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ ; | എ പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം പരിഷ്കരണ പ്രവർത്തികൾ ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഗ്രാമപ്രദേശങ്ങളിൽ മെച്ചപ്പെട്ട റോഡിൽ നിന്നും 500 മീറ്ററിലധികം ചുറ്റളവിൽ ഒറ്റപ്പെട്ടുകിടക്കുന്ന 500 ൽ അധികം ജനസംഖ്യയുള്ള ആവാസകേന്ദ്രങ്ങളെ ബന്ധിപ്പിക്കാനുള്ള പുതിയ റോഡുകൾക്കാണ് മുൻഗണന. കുന്നിൻ പ്രദേശങ്ങളിൽ ഈ ദൂരം 1.5 കി.മീ ആയി നിജപ്പെടുത്തിയിട്ടുണ്ട്.<br>2 പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന റോഡ് ഈ പദ്ധതിയുടെ അടിസ്ഥാന രേഖയായി തയ്യാറാക്കിയിട്ടുള്ള കോർനെറ്റ് വർക്കിൽ ഉൾപ്പെട്ടിട്ടുണ്ടായിരിക്കണം (നിലവിലുള്ള റോഡുകളുടെയും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റോഡുകളുടെയും മാപ്പിംഗ്)<br>3. കൂടുതൽ ആളുകൾക്ക്/ആവാസ കേന്ദ്രങ്ങൾക്ക് പ്രയോജനം കിട്ടുന്ന റോഡുകൾക്ക് മുൻഗണന.<br>4. ഈ പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന റോഡുകൾക്ക് കേന്ദ്രസർക്കാർ നിഷ്ക്കർഷിക്കുന്ന വീതി ഉണ്ടായിരിക്കണം. ആയതിന് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന്റെ സാക്ഷ്യപത്രം പദ്ധതിയോടൊപ്പം സമർപ്പിക്കേണ്ടതാണ്.<br>5. ഈ പദ്ധതിപ്രകാരം നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനായി ഏറ്റെടുക്കുന്ന റോഡുകൾ പഞ്ചായത്തിന്റെ അധീനതയിലുള്ളതായിരിക്കണം. നിശ്ചിത റോഡിന്റെ പേവ്മെന്റ് സൂചിക രണ്ടോ അതിൽ താഴെയോ ആയിരിക്കണം. |

ബി. പ്രസ്തുത പദ്ധതിയിൽപ്പെടുത്തി റോഡ് നിർമ്മാണം നടത്തുവാൻ ഒരു റോഡിന് പരമാവധി എന്ത് തുകയാണ് ലഭ്യമാക്കുന്നത് ;

ബി പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം റോഡ് നിർമ്മിക്കുന്നതിന് പരമാവധി തുക കേന്ദ്ര സർക്കാർ നിഷ്ക്കർഷിച്ചിട്ടില്ല.

സി. ഈ പദ്ധതി പ്രകാരം പണി പൂർത്തിയാക്കിയ റോഡിന്റെ പിന്നീടുള്ള മെയിന്റനൻസിന് കാലയളവ് നിഷ്കർഷിച്ചിട്ടുണ്ടോ ; മെയിന്റനൻസ് നടത്തേണ്ട ചുമതല ആർക്കാണ് വ്യക്തമാക്കുമോ ;

സി. ഉണ്ട്. നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം തുടർന്നുള്ള 5 വർഷത്തെ അറ്റകുറ്റപണികൾ നിർമ്മാണം ഏറ്റെടുത്ത കരാറുകാരൻ തന്നെ നിർവ്വഹിക്കേണ്ടതാണ്. 5 വർഷം കഴിഞ്ഞുള്ള അറ്റകുറ്റപണികൾ ജില്ലാ പഞ്ചായത്തുകളാണ് നിർവ്വഹിക്കേണ്ടത്.

ഡി. ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം പുതിയതായി എത്ര റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കാമോ ?

ഡി. ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ നിന്നും ഫേസ് എട്ടിൽ ചുവടെ ചേർക്കുന്ന 6 റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | റോഡിന്റെ പേര് | നീളം | ബ്ലോക്ക് |
|---|---|---|---|
| 1 | രാഗിണിമുക്ക് -വട്ടാലിൽ കോളനി | 0.8 | കിളിമാനൂർ |
| 2 | അമ്പിളിമുക്ക് - വലിയകുന്ന് | 1.2 | കിളിമാനൂർ |
| 3 | കുന്നുമ്മൽ - രാഗിണിമുക്ക് | 2.8 | കിളിമാനൂർ |
| 4 | നേരുകടവ് - കുഴിയാം കോളനി | 1.2 | ചിറയിൻകീഴ് |
| 5 | അയിലം - തഴമൺതോട്ടം | 1.2 | ചിറയിൻകീഴ് |
| 6 | പെരുംകുഴി - നേരുകടവ് റോഡ് | 0.8 | ചിറയിൻകീഴ് |

ടി റോഡുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രാരംഭ സർവ്വേ നടപടികൾ പൂർത്തിയായി വരുന്നു. വിശദമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് റോഡുകൾ ഏറ്റെടുക്കുന്നതാണ്.

സെക്ഷൻ ഓഫീസർ